'പച്ച' ഒരു ദേശീയ വിഷയമാകുമ്പോൾ അബ്ദുസ്സലാം മൗലവിയെ വായിക്കാം

8 April 2019 | Study

By Musthafa Thanveer

വയനാട്ടിലെ രാഹുൽ ഗാന്ധിയുടെ സ്ഥാനാർത്ഥിത്വം മുസ്‌ലിം ലീഗിന്റെ മൂന്നാം സീറ്റ്, കോൺഗ്രസ് സ്ഥാനാർത്ഥി പട്ടികയിലെ മുസ്‌ലിം പ്രാതിനിധ്യം എന്നീ പ്രശ്നങ്ങളെ തത്കാലത്തേക്ക് മാറ്റിവെച്ചുകൊണ്ട് ആലോചിച്ചാൽ ഗുണപരമായ ചില സാധ്യതകളെ ഉദ്ഘാടിപ്പിക്കുന്നുണ്ട്. വടക്കേ ഇൻഡ്യൻ-ആര്യൻ-ഹിന്ദു ഘടകങ്ങൾക്കുപകരം തെന്നിൻഡ്യൻ-ദ്രാവിഡ-മാപ്പിള പിന്തുണയോടെ കോൺഗ്രസിന്റെ പ്രധാനമന്ത്രി സ്ഥാനാർഥി ജയിക്കുന്നത് പാർട്ടിയുടെ ഘടനയിൽ ചെറിയ കുലുക്കങ്ങളെങ്കിലും ഉണ്ടാക്കിയാൽ അതൊരു വലിയ വിപ്ലവം ആയിത്തീരും. പ്രധാനമന്ത്രിയുടെയുൾപ്പെടെ പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ വയനാട്ടിലെ മുഖ്യഘടകകക്ഷി/ബസ്‌പാത്തിലെ വിജയത്തിന് ഏറ്റവും നിർണ്ണായകമായ സംഭാവന അർപ്പിച്ച രാഷ്ട്രീയപാർട്ടി എന്ന നിലയിൽ മുസ്‌ലിം ലീഗിന് വർധിച്ച സ്വാധീനമുണ്ടായാൽ കേരള മുസ്‌ലിംകൾ സമുദായ ശാക്തീകരണത്തിന്റെ പുതിയ പടവുകൾ കയറിയേക്കും.

രാഹുൽ വയനാട്ടിൽ മത്സരിക്കുന്നത് വളഞ്ഞിട്ടാക്രമിക്കേണ്ട പാതകമായി ഷോവിനിസ്റ്റ് സംഘ് പരിവാറിനും സെക്യൂലർ ഇടതുപക്ഷത്തിനും ഒരുപോലെ അനുഭവപ്പെടുന്നത് വയനാട്ടിലെ മുസ്‌ലിം/മുസ്‌ലിം ലീഗ് പ്രാബല്യം കാരണമായാണ് എന്നത് യാദൃശ്ചികമല്ല. മുസ്‌ലിം ലീഗ് പാർട്ടിക്കും അതിന്റെ പച്ചക്കൊടിക്കും തന്നെ മുൻനിർത്തി കൈവന്ന 'അപകടകരമായ' ദേശീയ ദൃശ്യതയിൽ രാഹുൽ അസാമാന്യനാകുന്നില്ല എന്നത് ഉന്നത ദേശീയതക്കെതിരായ സമരത്തിന്റെ നായകസ്ഥാനത്ത് നിൽക്കാൻ അയാളെ കുറേയേറെ അർഹനാക്കുന്നുണ്ട്. ഇൻഡ്യൻ യൂണിയൻ മുസ്‌ലിം ലീഗ് ഖാഇദേ മില്ലത്തിന്റെ ദീർഘവീക്ഷണങ്ങൾക്ക് അടിവരയിട്ട് അതിന്റെ അംഗീകാരവും വിലപേശൽ ശേഷിയും വർധിപ്പിച്ച് മൂന്നോട്ട് പോകുന്നതിനെ സംബന്ധിച്ച് പല മാനങ്ങളിൽ ഉള്ള വിശകലനങ്ങൾ ഈ സാഹചര്യത്തിൽ ദേശീയ തലത്തിൽ തന്നെ സജീവമായിട്ടുണ്ട്. ഈ സമയത്ത്, എഐ. യു. എം. എല്ലിന്റെ ചരിത്രവും ദർശനവും ശരിയായി അനാവരണം ചെയ്യുന്നതിന് വലിയ പ്രസക്തിയുണ്ട്. എ. വി. എം. എൽ സ്ഥാപകനിയമിൽ നേതാവ് എന്ന നിലയിലും സെക്രട്ടാരിയും എ. യു. എം. എൽ സാന്നിധ്യമായിരുന്നു പ്രശസ്ത മുജാഹിദ് പണ്ഡിതൻ എൻ. വി. അബ്ദുസ്സലാം മൗലവി (അരീക്കോട്, 1913-1997). അബ്ദുസ്സലാം മൗലവിയുടെ രാഷ്ട്രീയ ജീവിതത്തെ ചരിത്രപരമായി സന്ദർഭവൽകരിക്കാനും ബൗദ്ധികമായി സ്ഥാനപ്പെടുത്താനും ഉള്ള ചുരുങ്ങിയ ഒരു ശ്രമം ആണ് ഈ പ്രബന്ധം. വിശാലാർത്ഥത്തിൽ ഇത് ഇൻഡ്യൻ ദേശരാഷ്ട്രത്തിന്റെ ശരീരത്തിനുള്ളിൽ മുസ്‌ലിം ലീഗ് സാക്ഷാൽകരിക്കുന്ന സങ്കീർണമായ ഇടത്തെ കുടുതൽ വ്യക്തമായി മനസ്സിലാക്കാൻ ഉള്ള ഉദ്യമം തന്നെ ആണ്.

കട്ടിലശ്ശേരി നിർമിച്ച രാഷ്ട്രീയ പരിസരം

1930കളുടെ തുടക്കത്തിൽ, എൻ. വി. അബ്ദുസ്സലാം മൗലവി മുസ്‌ലിം ഐക്യസംഘത്തിലും അത് രൂപീകരിച്ച കേരള ജംഇയ്യതുൽ ഉലമാഇലും (കെ. ജെ. യു.) അനുരക്തനാകുന്ന കാലത്ത്, ഇസ്‌ലാഹീ പ്രവർത്തകർ ആവേശപൂർവം കാത്തുകൊണ്ടിരുന്നത് ബ്രിട്ടീഷ് സർക്കാറിന്റെ അറസ്റ്റ് വാറന്റുകൾ പിൻവലിക്കപ്പെട്ട് കെ. എം. മൗലവിയും കട്ടിലശ്ശേരിയും, യഥാക്രമം കൊടുങ്ങല്ലൂരിൽ നിന്നും പോണ്ടിച്ചേരിയിൽ നിന്നും, മലബാറിലേക്ക് തിരിച്ചെത്തുന്നതായിരുന്നു. 1915-16 കാലഘട്ടത്തിൽ ഫോംഹൂൾ പ്രസ്ഥാനത്തിന്റെ ആരംഭം തൊട്ടുതന്നെ അതിന്റെ സംഘാടനത്തിനു വേണ്ടി മലബാറിൽ ഓടിനടക്കാൻ എം. പി. നാരായണമേനോന്റെ കൂടെ ഉണ്ടായിരുന്ന സലഫീ പരിഷ്കർത്താവും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്നു കട്ടിലശ്ശേരി മുഹമ്മദ് മൗലവി (പെരിന്തൽമണ്ണ, 1879 – 1943). മാപ്പിളചരിത്രഖിതാക്കൾക്ക് സുപരിചിതമായ മലബാർ കുടിയാൻ സംഘം (Malabar Tenancy Association) 1920ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് രൂപീകരിക്കപ്പെട്ടത്. ഈ കൂട്ടായ്മ ഫ്യൂഡൽ സവർണ ജന്മി മാടമ്പിത്തത്തിനെതിരിൽ കുടിയാൻ അവകാശങ്ങൾക്കുവേണ്ടി അതിശക്തമായി സമരം ചെയ്തു. ആയുധരഹിതമായ ഒരു അവകാശസമരരീതി മാപ്പിളമാർക്ക് പ്രായോഗികമായി പരിചയപ്പെടുത്താൻ കുടിയാൻ സംഘത്തിലൂടെ കട്ടിലശ്ശേരിക്ക് കഴിഞ്ഞു. കോൺഗ്രസിനെ ഒരുവഴ്ച സമ്പന്ന സവർണ ദേശീയ നേതാക്കളുടെ ഒഴിവുവേളാ ക്ലബ്ബ് എന്ന അവസ്ഥയിൽ നിന്ന് മലബാറിലെ ദരിദ്ര ബഹുജനങ്ങളുടെ അനുഭവമുള്ള പ്രസ്ഥാനമാക്കി മാറ്റിയത് കട്ടിലശ്ശേരിയുടെ ഇടപെടലുകൾ ആയിരുന്നു. ഖിലാഫത്നോ പ്രസംഗകൻ ആയിരുന്ന കട്ടിലശ്ശേരിയുടെ വാഗ്വിലാസം മൂലധനമാക്കിക്കൊണ്ട് ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ പടർന്ന ഫോംഹൂൾ, കുടിയാൻ സംഘങ്ങൾ ആണ് ഖിലാഫത് പ്രസ്ഥാനത്തിനുള്ള മണ്ണ് മലബാറിൽ ഒരുക്കിയത്. 1920 ഏപ്രിൽ 28, 29 തിയ്യതികളിൽ മഞ്ചേരിയിൽ നടന്ന ചരിത്രപ്രസിദ്ധമായ കോൺഗ്രസ് ജില്ലാ സമ്മേളനത്തിലെ കട്ടിലശ്ശേരിയുടെ പ്രഭാഷണവും വൻ മാപ്പിള പങ്കാളിത്തവും ഏറെ ശ്രദ്ധേയമായിരുന്നു. 1921ൽ മലബാർ ജില്ലാ ഖിലാഫത് കമ്മിറ്റി രൂപീകരിക്കപ്പെട്ടത് കട്ടിലശ്ശേരിയെ പ്രസിഡന്റ് ആക്കിക്കൊണ്ടാണ്.

വെല്ലൂർ ബാഖിയാതിൽ നിന്ന് ഉന്നത മതവിദ്യാഭ്യാസം നേടുകയും അനിതരമായ വാഗ്മിതകൊണ്ട് മതപ്രഭാഷണവേദികളെ ഇളക്കിമറിക്കുകയും ചെയ്തിരുന്ന കട്ടിലശ്ശേരിയുടെ തിരിച്ചുവരവ് ജംഇയ്യതുൽ ഉലമാഇന് വലിയ ശക്തിയാണ് പകർന്നത്. 1933ൽ ഖുത്വുബി മുഹമ്മദ് മുസ്‌ലിയാരുടെ സംഘലവുമായി ഇസ്‌ലാഹീ പണ്ഡിതമാർക്ക് ഏർപ്പെടേണ്ടിവന്ന നാമാവുംരം വാദപ്രതിവാദത്തിൽ — ഇതാണ് കേരളത്തിലെ ആദ്യത്തെ പരസ്യ സമസ്ത-ഇസ്‌ലാഹീ സംവാദം– കട്ടിലശ്ശേരി ഇസ്‌ലാഹീ പക്ഷത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു. കട്ടിലശ്ശേരിയുടെ ആഗമനത്തിൽ എൻ. വി. അബ്ദുസ്സലാം മൗലവി അക്ഷരാർത്ഥത്തിൽ ആവേശഭരിതനായിരുന്നു. 1934ൽ അരീക്കോട്ട് മിശ്കാതുൽ ഹുദാ മദ്റസയുടെ ഉദ്ഘാടനത്തിന് എൻ. വി. കൊണ്ടുവന്ന് പ്രസംഗിപ്പിച്ച് കട്ടിലശ്ശേരിയെ ആണെന്ന കാര്യം പ്രസ്താവ്യമാണ്. 1935ൽ കെ. ജെ. യു. വാർഷിക സമ്മേളനം കട്ടിലശ്ശേരിയുടെ മുഖ്യ സംഘാടകത്വത്തിൽ അദ്ദേഹത്തിന്റെ സ്വന്തം നാടായ പുണർപ്പയിൽ വെച്ചാണ് നടന്നത്. ഈ സമ്മേളനത്തിൽ എൻ. വി. പങ്കെടുക്കുന്നുണ്ട്. അബ്ദുസ്സലാം മൗലവി കെ. ജെ. യു. അംഗമാകുന്നതുതന്നെ പുണർപ്പ കോൺഫറൻസിനോട് അനുബന്ധിച്ചാണ്.

കട്ടിലശ്ശേരി ആണ് എൻ. വി.ക്ക് സജീവ രാഷ്ട്രീയ ഉത്തരവാദിത്തങ്ങൾ നൽകിയത്. 1934ൽ കേന്ദ്ര അസംബ്ലിയിലേക്ക് മുഹമ്മദ് അബ്ദുർഫാമാൻ സാഹിബ് മത്സരിക്കുവാൻ വെല്ലുവിളിച്ച് മൗലവി പൊതുമണ്ഡലത്തിൽ മിഗ് സെമാഗതികനും നേതാവുമായി നിറഞ്ഞുനിന്നു. പാകിസ്ഥാൻ വിരോധമാകണം ഇൻഡ്യൻ ദേശീയതയുടെ അടിത്തറയെന്ന് കരുതിക്കൊണ്ട് അദ്ദേഹം പൊതുയോഗങ്ങളിലെ പ്രഭാഷണങ്ങളിൽപോലും തുറന്നടിച്ചു. ചിന്തകനും പ്രഭാഷകനും പരിഭാഷകനും സംഘാടകനുമായി ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ പുലരിയിൽ മലബാറിൽ മുസ്‌ലിം ലീഗിന്റെ വളർത്തിയ എൻ. വി. സീതി സാഹിബിന്റെ ബറ്റാലിക വലകയ്യായി പ്രഃ ചൊരിഞ്ഞു. 1948ൽ തന്നെ ഹൈദരാബാദ് ആക്ഷണ്ട് ഭാഗമായി പൊലീസ് പാണക്കാട് പൂക്കോയ തങ്ങളോടൊപ്പം എൻ. വി. ഒ അറസ്റ്റ് ചെയ്ത് ജയിലിലടക്കുന്നതിൽനിന്ന് മൗലവിക്ക് അതിസമർഥനമായ അന്നത്തെ രാഷ്ട്രീയ മണ്ഡലത്തിൽ ഉണ്ടായിരുന്ന ദൃശ്യതയും സാധീനവും വളരെ വ്യക്തമാണ്. മലബാറിലെ മുസ്‌ലിം ലീഗിന്റെ അതിജീവന ഘട്ടത്തിൽ നേതൃത്വം നൽകുന്നതിന് നിർബന്ധമായും വരേണ്ട ഒരാൾ ആണ് അരീക്കോട്ടുകാരനായ എൻ. വി. അബ്ദുസ്സലാം മൗലവി എന്നാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്. രാജ്യവിരുദ്ധമല്ലാത്തതിനെ രാജ്യവിരുദ്ധമായി പ്രഖ്യാപിച്ച് കണ്ണുരുട്ടാൻ ശ്രമിച്ച പൊലീസും സ്റ്റെയ്റ്റുമായുള്ള എൻകൗണ്ടറിൽ ജനാധിപത്യത്തിന്റെ സാധ്യതകളുപയോഗിച്ച് മുസ്‌ലിം ലീഗിന്റെ ഇടം പോരാടി വാങ്ങിയ മഹാമനീഷികളുടെ മുൻനിരയിൽ ആണ് അദ്ദേഹത്തിന്റെ സ്ഥാനം.

1950ൽ കോഴിക്കോട്ട് അബ്ദുസ്സലാം മൗലവി സ്ഥാപക ജനറൽ സെക്രട്ടറി ആയി കേരള നദ്വതുൽ മുജാഹിദീൻ രൂപീകരിക്കപ്പെട്ട് അധികമാകുന്നതിനുമുമ്പേ അതേ വർഷം ഒക്റ്റോബർ മാസത്തിൽ ആണ് ലീഗ് ചരിത്രത്തിലെ ദശാസന്ധികളിൽ ഒന്നായ മല്ലപ്പാം പരുത്തെഞ്ഞെടുപ്പ് സമരത്തിന് സലഫീ ആദർശ പ്രബോധനത്തിന്റെ കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിലും തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ മുഴുകിയ മൗലവി ആയിരുന്നു മിക്ക പ്രചാരണ പൊതുയോഗങ്ങളിലും ഖാഇദേ മില്ലത്തിന്റെ പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തിയത്.

സ്വതന്ത്ര ഇൻഡ്യയുടെ ജനാധിപത്യ മതനിരപേക്ഷ ചട്ടക്കൂടിൽ സാമുദായിക രാഷ്ട്രീയം വഴി മുസ്‌ലിംകൾക്ക് അർഹിക്കുന്നതിനെ പൂരോഗതിയിൽ ഇവിടുത്തെ മുസ്‌ലിംകൾ പരമാവധി സഹോവനകൾ അർപിക്കണം എന്നും എൻ. വി. അടിയുറച്ച് വിശ്വസിച്ചു. പാകിസ്ഥാൻ പക്ഷിസ്ഥാനെ അപരമായി കാണുന്ന 'ഇൻഡ്യൻ വികാരം' അദ്ദേഹത്തിന് അന്യമായിരുന്നു. പാക്കിസ്ഥാനും ബംഗ്ലാദേശും ഉൾപ്പെട്ടിരുന്ന പ്രവിശാലമായ ഒരു ഭൂപ്രദേശത്തെ അതിന്റെ കൃത്യാന്തരമായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ ആലോചനകളുടെ ഏകകം. സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ കളതിയിൽ ഊട്ടപ്പെടുകയും പാക്കിസ്ഥാൻ പ്രക്ഷോഭത്തിന്റെ ഭാഗമായി നിൽക്കുകയും ചെയ്ത ഒരാളുടെ geopolitical imagination അപ്രകാരമാവുക സ്വഭാവികം മാത്രമാണ്. എന്നാൽ അതിലുപരി ഇസ്‌ലാമിക പ്രമാണങ്ങൾ അവതരിപ്പിക്കുന്ന ഉമ്മത്ത് എന്ന സങ്കൽപനത്തിന്റെ ചരിത്രലോക കുടിയായിരുന്നു അത്. മലബാറിലെ ഖിലാഫത് പ്രവർത്തകരുമായിരുന്നു. പാകിസ്ഥാൻ പിന്നീട് ഒരു ഭൂരാഷ്ട്രീയ സ്വരൂപമായി നിലനിൽക്കുകയും ഇന്ത്യ ഇന്നത്തെ രൂപത്തിലെ ഒരു ദേശരാഷ്ട്രമായി തുടർന്നു. ഇന്ത്യൻ ഭൂപടത്തിൽ